## കേരള സർക്കാർ
### സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് – തദ്ദേശഭരണ സ്ഥാപനങ്ങളുടെയും കൈമാറിയ സ്ഥാപനങ്ങളുടെയും – ചുമതലപ്പെട്ട ചെലവുകളുടെ കുടിശ്ശിക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

ജി.ഒ (എം.എസ്) നമ്പർ.82/2008/തസ്വഭവ        തിരുവനന്തപുരം, തീയതി : 15.03.2008

---

പരാമർശം : 1. ജി.ഒ (എം.എസ്) 330/2004/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
2. 21.02.2008–ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതിയുടെ 1.13 നം. തീരുമാനം.

## ഉത്തരവ്

തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലപ്പെട്ട ചെലവുകൾ (obligatory expenses) ചുവടെ വിവരിക്കുന്നവയാണ്.

(1) കേരളവാട്ടർ അതോറിറ്റിക്ക് നൽകുവാനുള്ള വെള്ളക്കരം
(2) കേരള സംസ്ഥാന വൈദ്യുതി ബോർഡിന് നൽകുവാനുള്ള വൈദ്യുതി ചാർജ്ജ്
(3) കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ ഉൾപ്പെടെ, തദ്ദേശഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങളുടെ വാടക, കരം, നികുതി എന്നിവ.
(4) കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ടെലഫോൺ ചാർജ്ജ്
(5) കൈമാറി കിട്ടിയവ ഉൾപ്പെടെ തദ്ദേശഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും വെള്ളക്കരം, വൈദ്യുതി ചാർജ്ജ് എന്നിവ.
(6) കൈമാറികിട്ടിയ സ്ഥാപനങ്ങളിലേത്/ഓഫീസുകളിലേത് ഉൾപ്പെടെ തദ്ദേശഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള വാഹനങ്ങളുടെ ഇന്ധന ചെലവ് പ്രവർത്തന ചെലവ്, മെയിന്റനൻസ് ചെലവ് എന്നിവ
(7) സ്റ്റേഷനറി, പോസ്റ്റേജ് മുതലായ ചെലവുകൾ

2. മുകളിൽ പ്രതിപാദിച്ചിട്ടുള്ള ചുമതലപ്പെട്ട ചെലവുകളുടെ 1995 ഒക്ടോബർ 1–ന് ശേഷമുള്ള കുടിശ്ശിക തുക ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിന്റെ പൊതു ആവശ്യ ഗ്രാന്റിൽ/മെയിന്റിനൻസ് ഗ്രാന്റിൽ നിന്ന് നൽകാവുന്നതാണെന്ന് പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം അനുവാദം നൽകിയിട്ടുണ്ട്.

3. എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അവയുടെ ചുമതലപ്പെട്ട ചെലവുകളുടെ 1995 ഒക്ടോബർ 1–ന് മുൻപുള്ള കുടിശ്ശിക തുക നൽകാതെ അവശേഷിക്കുന്നുണ്ടെന്നും അവയുടെ ബാധ്യത തീർക്കുന്നതിന് നടപടി ഉണ്ടാകണമെന്നും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതിയുടെ 21.02.2008–ലെ യോഗം ശുപാർശ ചെയ്തിട്ടുണ്ട്.

4. ഈ വിഷയം ഗവൺമെന്റ് വിശദമായി പരിശോധിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലപ്പെട്ട ചെലവുകളിൽ 1995 ഒക്ടോബർ 1–ന് മുൻപുള്ള കുടിശ്ശിക തുക എന്തെങ്കിലും കൊടുത്തു തീർക്കാനുണ്ടെങ്കിൽ ആ തുക മുഴുവൻ ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിന്റെ പൊതു ആവശ്യഗ്രാന്റിൽ നിന്നോ, മെയിന്റനൻസ് ഗ്രാന്റിൽ നിന്നോ കൊടുത്തുതീർക്കുവാൻ അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പൊതു ആവശ്യഗ്രാന്റ്/മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിന് പ്രാബല്യത്തിലുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് ഇപ്രകാരം ബാദ്ധ്യത തീർക്കുന്നതിനുള്ള തുക കണ്ടെത്തേണ്ടത്.

5. പരാമർശത്തിലെ സർക്കാർ ഉത്തരവ് ഈ രീതിയിൽ ഭേദഗതിചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും

6. എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7. എല്ലാ ജില്ലാകളക്ടർമാർക്കും ജില്ലാ ആസൂത്രണസമിതി മെമ്പർ സെക്രട്ടറിമാർ
8. സെക്രട്ടറി, ആസൂത്രണസാമ്പത്തിക കാര്യവകുപ്പ്
9. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും ഗവൺമെന്റ് സെക്രട്ടറിമാർക്കും
10. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
11. ചെയർമാൻ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് (ഉപരിപത്രം സഹിതം)
12. മാനേജിംഗ് ഡയറക്ടർ, കേരള ജല അതോറിറ്റി (ഉപരിപത്രം സഹിതം)
13. പഞ്ചായത്ത് ഡയറക്ടർ
14. ഗ്രാമവികസന കമ്മീഷണർ
15. നഗരകാര്യ ഡയറക്ടർ
16. പൊതുവിദ്യാഭ്യാസ ഡയറക്ടർ
17. പട്ടികജാതി വികസന ഡയറക്ടർ
18. പട്ടികവർഗ്ഗ വികസന ഡയറക്ടർ
19. ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ
20. കൃഷി വകുപ്പ് ഡയറക്ടർ
21. മൃഗസംരക്ഷണ ഡയറക്ടർ
22. ഹെൽത്ത് സർവ്വീസസ് ഡയറക്ടർ
23. മറ്റ് എല്ലാ വകുപ്പ് മേധാവികൾക്കും
24. മുഖ്യ നഗരാസൂത്രകൻ
25. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
26. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
27. ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
28. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
29. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
30. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും
31. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
32. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് ആഫീസർ
33. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
34. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
35. സെക്രട്ടറി ബ്ലോക്ക്പഞ്ചായത്ത് ചെയർമാൻമാരുടെ ചേംമ്പർ
36. സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേംമ്പർ
37. സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംമ്പർ
38. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം0
39. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

പകർപ്പ് :

1. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം.സെക്ഷനുകൾക്ക്
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**